**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1871** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കുമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന താഴെ പറയുന്ന 2 പ്രവൃത്തികളുടെ സമയബന്ധിത പൂർത്തികരണത്തിന് നടപടി സ്വീകരിച്ചുവരുന്നു.<br><br>1. ഹരിപ്പാട് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം<br><br>ടി പ്രവൃത്തിയ്ക്ക് 2.45 കോടി രൂപയുടെ ഭരണാനുമതി 05.01.2023 ന് നല്കിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 06.01.2024 ന് 2.2 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തു. യോഗ്യരായ കരാറുകാരിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. വർക്കിച്ചൻ റ്റി. എന്ന കരാറുകാരനുമായി 1,96,28,046/- രൂപയ്ക്ക് 31.05.2024 ന് കരാറിൽ ഏർപ്പെടുകയും നിർമ്മാണവുമായി ബന്ധപ്പെട്ട് ഹരിപ്പാട് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാളും കായിക യുവജനകാര്യ ഡയറക്ടറുമായി 01.08.2024 ന് ധാരണപത്രത്തിൽ ഏർപ്പെടുകയും 02.08.2024 ന് കരാറുകാരന് സൈറ്റ് കൈമാറി നല്കുകയും ചെയ്തു. ഈ പദ്ധതിയ്ക്കായി വിഭാവനം ചെയ്തിരുന്നത് 21 മീറ്റർ വീതിയുള്ള ഇൻഡോർ കോർട്ടായിരുന്നു. എന്നാൽ ഇൻഡോർ കോർട്ടിന് മറുവശത്ത് എൽ.എസ്.ജി.ഡി പുതിയതായി ഒരു ബിൽഡിംഗ് കൂടി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയതിനാൽ ഇതു സംബന്ധിച്ച് 28.11.2024 ൽ എം.എൽ.എ യുമായി നടത്തിയ മീറ്റിംഗിൽ ഇൻഡോർ കോർട്ടിന്റെ വീതി 19.30 മീറ്റർ ആയി നിജപ്പെടുത്താൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ ഡിസൈൻ പുതുക്കി പ്രീ എഞ്ചിനീയേർഡ് ബിൽഡിംഗിന്റെ ഡിസൈൻ ഡ്രോയിംഗ് തയ്യറാക്കി, വെറ്റിംഗ് ചെയ്തു നൽകാൻ |

കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. കരാറുകാരൻ വെറ്റിംഗ് ഡ്രോയിംഗ് ലഭ്യമാക്കുന്ന മുറയ്ക്ക് ഇൻഡോർ കോർട്ടിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. കൂടാതെ സൈറ്റിൽ നിർമ്മാണത്തിന് തടസ്സമായി നിന്നിരുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിന് പ്രിൻസിപ്പാൾ 2025 ജനുവരി 23-ാം തീയതി ഹരിപ്പാട് മുനിസിപ്പാലിറ്റിയിൽ നിന്നും അനുമതി ലഭ്യമാക്കി 29.01.2025 ന് പ്രസ്തുത മരങ്ങൾ മുറിയ്ക്കുകയും ചെയ്തു. വെറ്റിംഗ് ഡ്രോയിംഗ് ലഭ്യമാക്കുന്ന മുറയ്ക്ക് ഇൻഡോർ കോർട്ടിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

2. ഹരിപ്പാട് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് പുനരുദ്ധാരണം.

ടി പ്രവൃത്തിയ്ക്കായി 2.55 കോടി രൂപയുടെ ഭരണാനുമതി 11.03.2022 ന് നൽകുകയും 20.05.2022 ൽ 2.40 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നല്കുകയും ചെയ്തു. 23.05.2022, 08.06.2022, 28.06.2022 എന്നീ തീയകളിൽ ടെൻഡർ ക്ഷണിച്ചുവെങ്കിലും ആരും തന്നെ ടി ടെണ്ടറുകളിൽ പങ്കെടുത്തിരുന്നില്ല. തുടർന്ന് 18.07.2022 ന് പുനർദർഘാസ് ക്ഷണിക്കുകയും 29.07.2022 ന് ടെൻഡർ ഓപ്പൺ ചെയ്ത് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദേവിക കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനവുമായി 21.11.2022 ൽ 2.24 കോടി രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു. 30.11.2022 ന് കരാറുകാരന് സൈറ്റ് കൈമാറി നല്കിയെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ പ്രധാന ഘടകങ്ങളായ ഗ്രൗണ്ട് ഡെവലപ്പ്മെന്റ്, ഗ്യാലറി മുതലായ പ്രവൃത്തികൾ ആരംഭിക്കാതെ അനുബന്ധ ഘടകങ്ങളായ ടോയ്‌ലറ്റ് ബ്ളോക്ക്, അതിന്റെ പ്ലാസ്റ്ററിംഗ്, പടിഞ്ഞാറ് വശത്തുള്ള ചുറ്റുമതിലിന്റെ പ്രവൃത്തി എന്നിവയുൾപ്പടെ 7% മാത്രമാണ് കരാറുകാരൻ ഇതിനകം പൂർത്തീകരിച്ചിട്ടുള്ളത്. കരാറുകാരൻ പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് വേണ്ടി 17,67,336/- രൂപയുടെ (ജി.എസ്.റ്റി ഉൾപ്പടെ) പാർട്ട് ബിൽ സമർപ്പിച്ചിരുന്നു. ആയത് അംഗീകരിച്ച് 15.10.2023 തീയതിയിൽ ബിൽ തുക കരാറുകാരന് അനുവദിക്കുന്നതിലേക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ കായിക യുവജനകാര്യ ഡയറക്ടറേറ്റിൽ ബില്ല് സമർപ്പിച്ചിരുന്നു. മേൽ പരാമർശിച്ച ബിൽ തുക ബി.ഡി.എസ്. ഫെസിലിറ്റി മുഖേന അനുവദിക്കണമെന്ന് കരാറുകാരൻ അപേക്ഷിക്കുകയും, ആയത് കായിക യുവജന കാര്യാലയം ഡയറക്ടർ പാസ്സാക്കി നല്കുകയും, ഫോം I, II ജനറേറ്റ് ചെയ്ത് ടി ബാങ്കിൽ നിന്ന് അംഗീകാരം ലഭ്യമാക്കാനായി കരാറുകാരന്

| | | | |
|---|---|---|---|
| | | | നല്കുകയും ചെയ്തിരുന്നു. ആയത് സമർപ്പിക്കാത്തതിനാൽ തുക മാറി നൽകാൻ സാധിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരിച്ച ഘടകങ്ങളുടെ പേയ്മെന്റ് നൽകുവാനും ടി പ്രവൃത്തിയിൽ നിന്ന് വിടുതൽ ചെയ്യുവാനും ആവശ്യപ്പെട്ടുകൊണ്ട് 05.02.2024 തീയതിയിൽ WP(C)5155/2024 നമ്പർ പ്രകാരം കരാറുകാരൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാറുകാരനുമായി ഹീയറിംഗ് നടത്തുവാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ആയത് പ്രകാരം 16.04.2024 ന് ഹീയറിംഗ് നടത്തുകയും, കരാറുകാരന്റെ പരാതികൾ കേൾക്കുകയും, പ്രവൃത്തി ആരംഭിക്കാൻ നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. എന്നാൽ ഹീയറിംഗിൽ കരാറുകാരൻ ടി പ്രവൃത്തി തുടരാൻ താല്പര്യമില്ല എന്നും പൂർത്തീകരിച്ച പ്രവൃത്തിയുടെ പേയ്മെന്റ് ലഭ്യമാക്കണമെന്നും അപേക്ഷിച്ചിരുന്നു. എന്നാൽ 18/05/2023 തീയതിയിൽ നിർത്തലാക്കിയ പ്രവൃത്തി പുനരാരംഭിക്കാൻ പലതവണ കരാറുകാരനോട് നിർദ്ദേശിച്ചിട്ടും ടി പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ 27/09/2024 ൽ കരാറുകാരനെ Risk & Costൽ ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. തുടർന്ന് കരാറുകാരൻ പൂർത്തീകരിച്ച പ്രവൃത്തിയുടെ പേയ്മെന്റ് ലഭ്യമാക്കുവാനും Risk & Cost ൽ നിന്ന് ഒഴിവാക്കുവാനും വേണ്ടി WP(C)35305/2024 നമ്പർ പ്രകാരം ഹൈക്കോടതിയിൽ വീണ്ടും കേസ് ഫയൽ ചെയ്തു. ഹൈക്കോടതിയുടെ 09.10.2024 തീയിതിയിലെ ഇടക്കാല വിധി പ്രകാരം കരാറുകാരനെ Risk & Cost ൽ ടെർമിനേറ്റ് ചെയ്യുന്നതിനെ താൽക്കാലികമായി നിർത്തിവയ്ക്കാനും, ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തി റീ-അറേഞ്ച് ചെയ്യാനും ഉത്തരവായിരുന്നു. പ്രസ്തുത പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തിക്ക് ഉടൻ ടെൻഡർ ചെയ്യുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ബി) | ഹരിപ്പാട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന താഴെ പറയുന്ന 2 പ്രവൃത്തികളുടെ സമയബന്ധിത പൂർത്തികരണത്തിന് നടപടി സ്വീകരിച്ചുവരുന്നു.<br><br>1. ഹരിപ്പാട് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം<br><br>ടി പ്രവൃത്തിയ്ക്ക് 2.45 കോടി രൂപയുടെ ഭരണാനുമതി 05.01.2023 ന് നല്കിയിരുന്നു. സ്പോർട്സ് കേരള |

ഫൗണ്ടേഷൻ 06.01.2024 ന് 2.2 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തു. യോഗ്യരായ കരാറുകാരിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. വർക്കിച്ചൻ റ്റി. എന്ന കരാറുകാരനുമായി 1,96,28,046/- രൂപയ്ക്ക് 31.05.2024 ന് കരാറിൽ ഏർപ്പെടുകയും നിർമ്മാണവുമായി ബന്ധപ്പെട്ട് ഹരിപ്പാട് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാളും കായിക യുവജനകാര്യ ഡയറക്ടറുമായി 01.08.2024 ന് ധാരണപത്രത്തിൽ ഏർപ്പെടുകയും 02.08.2024 ന് കരാറുകാരന് സൈറ്റ് കൈമാറി നല്കുകയും ചെയ്തു. ഈ പദ്ധതിയ്ക്കായി വിഭാവനം ചെയ്തിരുന്നത് 21 മീറ്റർ വീതിയുള്ള ഇൻഡോർ കോർട്ടായിരുന്നു. എന്നാൽ ഇൻഡോർ കോർട്ടിന് മറുവശത്ത് എൽ.എസ്.ജി.ഡി പുതിയതായി ഒരു ബിൽഡിംഗ് കൂടി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയതിനാൽ ഇതു സംബന്ധിച്ച് 28.11.2024 ൽ എം.എൽ.എ യുമായി നടത്തിയ മീറ്റിംഗിൽ ഇൻഡോർ കോർട്ടിന്റെ വീതി 19.30 മീറ്റർ ആയി നിജപ്പെടുത്താൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ ഡിസൈൻ പുതുക്കി പ്രീ എഞ്ചിനീയേർഡ് ബിൽഡിംഗിന്റെ ഡിസൈൻ ഡ്രോയിംഗ് തയ്യറാക്കി, വെറ്റിംഗ് ചെയ്തു നൽകാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. കരാറുകാരൻ വെറ്റിംഗ് ഡ്രോയിംഗ് ലഭ്യമാക്കുന്ന മുറയ്ക്ക് ഇൻഡോർ കോർട്ടിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. കൂടാതെ സൈറ്റിൽ നിർമ്മാണത്തിന് തടസ്സമായി നിന്നിരുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിന് പ്രിൻസിപ്പാൾ 2025 ജനുവരി 23-ാം തീയതി ഹരിപ്പാട് മുനിസിപ്പാലിറ്റിയിൽ നിന്നും അനുമതി ലഭ്യമാക്കി 29.01.2025 ന് പ്രസ്തുത മരങ്ങൾ മുറിയ്ക്കുകയും ചെയ്തു. വെറ്റിംഗ് ഡ്രോയിംഗ് ലഭ്യമാക്കുന്ന മുറയ്ക്ക് ഇൻഡോർ കോർട്ടിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

2. ഹരിപ്പാട് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് പുനരുദ്ധാരണം.

ടി പ്രവൃത്തിയ്ക്കായി 2.55 കോടി രൂപയുടെ ഭരണാനുമതി 11.03.2022 ന് നൽകുകയും 20.05.2022 ൽ 2.40 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നല്കുകയും ചെയ്തു. 23.05.2022, 08.06.2022, 28.06.2022 എന്നീ തീയതികളിൽ ടെൻഡർ ക്ഷണിച്ചുവെങ്കിലും ആരും തന്നെ ടി ടെണ്ടറുകളിൽ പങ്കെടുത്തിരുന്നില്ല. തുടർന്ന് 18.07.2022 ന് പുനർദർഘാസ് ക്ഷണിക്കുകയും 29.07.2022 ന് ടെൻഡർ ഓപ്പൺ ചെയ്ത് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദേവിക

കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനവുമായി 21.11.2022 ൽ 2.24 കോടി രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു. 30.11.2022 ന് കരാറുകാരന് സൈറ്റ് കൈമാറി നല്കിയെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ പ്രധാന ഘടകങ്ങളായ ഗ്രൗണ്ട് ഡെവലപ്പ്മെന്റ്, ഗ്യാലറി മുതലായ പ്രവൃത്തികൾ ആരംഭിക്കാതെ അനുബന്ധ ഘടകങ്ങളായ ടോയ്‌ലറ്റ് ബ്ളോക്ക്, അതിന്റെ പ്ലാസ്റ്ററിംഗും, പടിഞ്ഞാറ് വശത്തുള്ള ചുറ്റുമതിലിന്റെ പ്രവൃത്തി എന്നിവയുൾപ്പടെ 7% മാത്രമാണ് കരാറുകാരൻ ഇതിനകം പൂർത്തീകരിച്ചിട്ടുള്ളത്. കരാറുകാരൻ പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് വേണ്ടി 17,67,336/- രൂപയുടെ (ജി.എസ്.റ്റി ഉൾപ്പടെ) പാർട്ട് ബിൽ സമർപ്പിച്ചിരുന്നു. ആയത് അംഗീകരിച്ച് 15.10.2023 തീയതിയിൽ ബിൽ തുക കരാറുകാരന് അനുവദിക്കുന്നതിലേക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ കായിക യുവജനകാര്യ ഡയറക്ടറേറ്റിൽ ബില്ല് സമർപ്പിച്ചിരുന്നു. മേൽ പരാമർശിച്ച ബിൽ തുക ബി.ഡി.എസ്. ഫെസിലിറ്റി മുഖേന അനുവദിക്കണമെന്ന് കരാറുകാരൻ അപേക്ഷിക്കുകയും, ആയത് കായിക യുവജന കാര്യാലയം ഡയറക്ടർ പാസ്സാക്കി നല്കുകയും, ഫോം I, II ജനറേറ്റ് ചെയ്ത് ടി ബാങ്കിൽ നിന്ന് അംഗീകാരം ലഭ്യമാക്കാനായി കരാറുകാരന് നല്കുകയും ചെയ്തിരുന്നു. ആയത് സമർപ്പിക്കാത്തതിനാൽ തുക മാറി നൽകാൻ സാധിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരിച്ച ഘടകങ്ങളുടെ പേയ്മെന്റ് നൽകുവാനും ടി പ്രവൃത്തിയിൽ നിന്ന് വിടുതൽ ചെയ്യുവാനും ആവശ്യപ്പെട്ടുകൊണ്ട് 05.02.2024 തീയതിയിൽ WP(C)5155/2024 നമ്പർ പ്രകാരം കരാറുകാരൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാറുകാരനുമായി ഹീയറിംഗ് നടത്തുവാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ആയത് പ്രകാരം 16.04.2024 ന് ഹീയറിംഗ് നടത്തുകയും, കരാറുകാരന്റെ പരാതികൾ കേൾക്കുകയും, പ്രവൃത്തി ആരംഭിക്കാൻ നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. എന്നാൽ ഹീയറിംഗിൽ കരാറുകാരൻ ടി പ്രവൃത്തി തുടരാൻ താല്പര്യമില്ല എന്നും പൂർത്തീകരിച്ച പ്രവൃത്തിയുടെ പേയ്മെന്റ് ലഭ്യമാക്കണമെന്നും അപേക്ഷിച്ചിരുന്നു. എന്നാൽ 18/05/2023 തീയതിയിൽ നിർത്തലാക്കിയ പ്രവൃത്തി പുനരാരംഭിക്കാൻ പലതവണ കരാറുകാരനോട് നിർദ്ദേശിച്ചിട്ടും ടി പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ 27/09/2024 ൽ കരാറുകാരനെ Risk & Costൽ ടെർമിനേറ്റ് ചെയ്യുകയും ചെയ്തു.

| | | | |
|---|---|---|---|
| | | | തുടർന്ന് കരാറുകാരൻ പൂർത്തീകരിച്ച പ്രവൃത്തിയുടെ പേയ്മെന്റ് ലഭ്യമാക്കുവാനും Risk & Cost ൽ നിന്ന് ഒഴിവാക്കുവാനും വേണ്ടി WP(C)35305/2024 നമ്പർ പ്രകാരം ഹൈക്കോടതിയിൽ വീണ്ടും കേസ് ഫയൽ ചെയ്തു. ഹൈക്കോടതിയുടെ 09.10.2024 തീയിതിയിലെ ഇടക്കാല വിധി പ്രകാരം കരാറുകാരനെ Risk & Cost ൽ ടെർമിനേറ്റ് ചെയ്യുന്നതിനെ താൽക്കാലികമായി നിർത്തിവയ്ക്കാനും, ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തി റീ-അറേഞ്ച് ചെയ്യാനും ഉത്തരവായിരുന്നു. പ്രസ്തുത പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തിക്ക് ഉടൻ ടെൻഡർ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ